**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- കൊയിലാണ്ടി നഗരസഭയിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധന- സൂപ്രണ്ട് ശ്രീ വി.പി. ഉണ്ണിക്കൃഷ്ണനെതിരായ അച്ചടക്കനടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 1955/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 06.09.2019

---

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 11.04.2016 തീയതിയിലെ ഇ 18(എസ്.സി 01/16/എസ്.സി.കെ) 4743/2016 നം. കത്ത്

2. സർക്കാരിന്റെ 06.06.2017 തീയതിയിലെ ഇയു2-133/2016/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3. നഗരകാര്യഡയറക്ടറുടെ 28.02.2019 തീയതിയിലെ വി2-15442/17 നമ്പർ കത്ത്.

## ഉത്തരവ്

കൊയിലാണ്ടി നഗരസഭയിൽ 16.01.2016- ന് വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധനയിൽ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്റർ യഥാവിധി പരിപാലിക്കുന്നില്ലെന്നും 2014-15, 2015-16 വർഷങ്ങളിൽ യഥാക്രമം 55 ഉം 215 ഉം അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചില്ലെന്നും, ബി.എൽ 402/14, 397/14, 398/14 നമ്പർ ഫയലുകളിലും വൺഡേ പെർമിറ്റിനുള്ള 20 അപേക്ഷകളിന്മേലും നടപടി സ്വീകരിച്ചില്ലെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ നഗരസഭയിലെ സൂപ്രണ്ട് ശ്രീ വി.പി ഉണ്ണിക്കൃഷ്ണന് പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു. ആയതിന് സമർപ്പിച്ച പ്രതിവാദ പത്രികയിൽ കോഴിക്കോട് നഗരകാര്യ മേഖലാ ജോയിൻറ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

2. ശ്രീ വി.പി ഉണ്ണിക്കൃഷ്ണൻ സമർപ്പിച്ച മറുപടിപ്രകാരം നഗരസഭയുടെ ടൗൺ പ്ലാനിംഗ് വിഭാഗത്തിലെ ഫയലുകൾ കൈകാര്യം ചെയ്യുന്നത് ഒരു ക്ലാർക്ക് മാത്രമാണെന്നും ഓരോ മാസവും 200- ൽപ്പരം ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളും, അനധികൃത നിർമ്മാണ പരാതികളും മറ്റു പരാതികളും ടൗൺ പ്ലാനിംഗ് വിഭാഗത്തിൽ

ലഭിക്കാറുണ്ടെന്നും കൂടാതെ വിവിധ ഭവന നിർമ്മാണ പദ്ധതികളായ ഇ.എം.എസ്. ഭവന പദ്ധതി, പട്ടികജാതിക്കാർക്ക് ഭവന പദ്ധതി, പി.എം.എ.വൈ. ഭവന പദ്ധതി എന്നിവ പ്രകാരമുള്ള 100 കണക്കിനുള്ള കെട്ടിട നിർമ്മാണ അപേക്ഷകളും കൈകാര്യം ചെയ്യുന്നത് ഒരേ ഒരു ക്ലാർക്കാണെന്നും ശ്രീ ഉണ്ണികൃഷ്ണൻ മറുപടി നൽകിയിരിക്കുന്നു. നഗരസഭയുടെ പടിഞ്ഞാറ് ഭാഗം നല്ലൊരു ശതമാനവും തീരദേശമേഖലയിൽ വരുന്നതിനാൽ നഗരസഭയിലേയ്ക്ക് വരുന്ന അപേക്ഷകളിന്മേൽ തീരദേശ പരിപാലന സമിതിയുടെ (CRZ) അനുമതി ലഭിക്കേണ്ടതും അതുപോലെ തന്നെ നഗരസഭയുടെ നല്ലൊരു പ്രദേശം വയൽ പ്രദേശമായതിനാൽ അത്തരം പ്രദേശങ്ങളിൽ നഞ്ച കമ്മിറ്റിയുടേയും തണ്ണീർത്തട, പ്രാദേശിക നിരീക്ഷണ സമിതിയുടേയും അനുമതി ലഭിക്കേണ്ടതിനാലും അപേക്ഷകൾ തീർപ്പാക്കാൻ കാലതാമസം വരുന്നുണ്ടെന്ന് ശ്രീ ഉണ്ണികൃഷ്ണന്റെ മറുപടിയിൽ പറയുന്നു. ഇത്തരം സാങ്കേതിക ബുദ്ധിമുട്ടുകൾ വരുന്നതിനാലാണ് അപാകതകൾ അറിയാതെ സംഭവിച്ചുപോയതെന്നും ടിയാൻ ടൗൺപ്ലാനിംഗ് വിഭാഗത്തിന്റെ ചുമതല ഏറ്റെടുത്ത് 5 മാസത്തിനുശേഷമാണ് വിജിലൻസ് പരിശോധനയുണ്ടാകുന്നതെന്നും ആയതിന് ശേഷം സെക്ഷനിൽ വന്ന വീഴ്ചകൾ പരിഹരിക്കുന്നതിനും നോട്ടീസുകളും അറിയിപ്പുകളും കൃത്യസമയത്ത് അപേക്ഷകന് നൽകുന്നതിനും സേവനവകാശനിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ജനങ്ങൾക്ക് സേവനം നൽകുന്നതിനും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടെന്നും ആയതിനാൽ ടിയാന്റെ ഭാഗത്തുനിന്നുമുണ്ടായ വീഴ്ചകൾ മാപ്പാക്കി തുടർനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിച്ചിരുന്നു .

3. ശ്രീ വി. പി ഉണ്ണികൃഷ്ണന്റെ മറുപടിയും നഗരസഭയിൽ നിന്നും ലഭ്യമായ ഫയലുകളും മറ്റ് റിക്കാർഡുകളും പരിശോധിച്ച് കോഴിക്കോട് മേഖലാ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം 2014-15, 2015-16 വർഷങ്ങളിലായി ലഭിച്ച 265 ഓളം കെട്ടിട നിർമ്മാണ അപേക്ഷകളിൽ രജിസ്റ്റർ പ്രകാരം നടപടികൾ ഒന്നും തന്നെ രേഖപ്പെടുത്താത്ത കുറേയേറെ ഫയലുകൾ പരിശോധന വിധേയമാക്കിയതിൽ ചില കേസുകളിൽ നടപടികൾ സ്വീകരിച്ചെങ്കിലും രജിസ്റ്ററിൽ രേഖപ്പെടുത്താൻ വിട്ടുപോയതായും ലഭ്യമായ മറ്റു ഫയലുകളിലെല്ലാം തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതായും നിരസിക്കേണ്ടവ നിരസിച്ചും അപാകതകൾ പരിഹരിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതായും കാണുന്നുണ്ടെന്ന് മേഖലാ ജോയിന്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട് .

4. ബി.എൽ 402/14 നമ്പർ ഫയലിൽ 11.05.2016- ന് ഒക്കുപ്പൻസി നൽകിയിട്ടുള്ളതും 398/14 നമ്പർ ഫയലിൽ അപാകതകൾ അറിയിച്ച് അപേക്ഷകന് നോട്ടീസ് നൽകിയതായി കാണുന്നുണ്ടെന്നും കൂടാതെ വൺഡേ പെർമിറ്റ് അപേക്ഷ സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ വിജിലൻസ് കണ്ടെത്തിയ യഥാസമയം പെർമിറ്റ് നൽകിയിട്ടില്ലാത്ത അപേക്ഷകളിന്മേൽ പിന്നീട് പെർമിറ്റ് നൽകിയിട്ടുള്ളതായും,

എന്നാൽ വിജിലൻസ് വിഭാഗം റിപ്പോർട്ട് ചെയ്തപ്രകാരം ബി.എൽ 397/14 നമ്പർ ഫയലിൽ നാളിതുവരെ തുടർനടപടി സ്വീകരിച്ചിട്ടില്ലെന്നും വിജിലൻസ് റിപ്പോർട്ടിൽ ആരോപിച്ചപ്രകാരം നടപടികളിൽ കാലതാമസം വ്യക്തമാണെങ്കിലും ശ്രീ ഉണ്ണികൃഷ്ണന്റെ മറുപടിയിൽ പറയും പ്രകാരം നഞ്ച കമ്മിറ്റിയുടെ അനുമതി ലഭിക്കേണ്ടതിനാലും തീരദേശപരിപാലന സമിതിയുടെ അനുമതി ലഭിക്കേണ്ടതിനാലും നടപടി സ്വീകരിക്കേണ്ട അപേക്ഷകളുടെ എണ്ണത്തിലുള്ള വർദ്ധനവും ഫയലുകളിൽ യഥാസമയം നടപടികൾ സ്വീകരിച്ച് തീർപ്പാക്കാൻ കാലതാമസം ഉണ്ടാകുന്നതിന് കാരണമായിട്ടുണ്ടെന്ന് മേഖലാ ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു .

5. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് പ്രകാരം ശ്രീ ഉണ്ണികൃഷ്ണന്റെ മറുപടി പരിശോധിച്ചതിൽ നൂറുകണക്കിന് അപേക്ഷകൾ തീർപ്പ് കൽപ്പിക്കാതെ കുടിശ്ശിക യായതായി ബോദ്ധ്യപ്പെടുന്നതായും പല വകുപ്പുകളുടേയും നിരാക്ഷേപം/അനുമതി പത്രം ലഭ്യമാകേണ്ടതിനാലാണ് ഇങ്ങനെ ഫയലുകൾ തീർപ്പാകാതെ കുടിശ്ശികയായിട്ടുള്ള തെന്ന് ബോധിപ്പിച്ചിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച് ഇനം തിരിച്ചുള്ള കണക്കുകൾ ടിയാൻ മറുപടിയിൽ ലഭ്യമാക്കിയിട്ടില്ലാത്തതാണെന്നും. ആയതിനാൽ കുടിശ്ശികയായി ട്ടുള്ള മുഴുവൻ ഫയലുകളും വിവിധ സ്ഥാപനങ്ങളിൽ നിന്നും അനുമതി ലഭിക്കാത്തതു കൊണ്ട് കുടിശ്ശിക ആയതാണെന്ന് അനുമാനിക്കാൻ നിർവ്വാഹമില്ലായെന്നും അഭിപ്രായപ്പെടുന്നു. സൂപ്രണ്ടായ ശ്രീ വി.പി ഉണ്ണികൃഷ്ണന്റെ ഭാഗത്തു നിന്ന് മേൽ ആരോപണത്തിൽ വീഴ്ച സംഭവിച്ചതായി കാണുന്നതിനാൽ ടിയാനെതിരെ ശിക്ഷാ നടപടി സ്വീകരിക്കാവുന്നതാണെന്നും നഗരകാര്യഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

6. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോയിന്മേലുള്ള മറുപടി,നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് എന്നിവ സഹിതം പരിശോധിച്ചതിൽ ഫയലുകളിലും, അപേക്ഷകളിന്മേലും നടപടി സ്വീകരിക്കുന്നതിൽ സൂപ്രണ്ടായ ശ്രീ വി.പി ഉണ്ണികൃഷ്ണന്റെ ഭാഗത്തു നിന്ന് മനപൂർവ്വമല്ലാത്ത വീഴ്ച വന്നിട്ടുള്ളതായി വ്യക്തമാകുന്നു. മേൽ സാഹചര്യത്തിൽ കൊയിലാണ്ടി നഗരസഭയിൽ സൂപ്രണ്ടായിരുന്ന ടിയാനെതിരായി വിജിലൻസ് റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ആരംഭിച്ച അച്ചടക്കനടപടി ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് ഒരുവർഷത്തേക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**ആർ.എസ്സ്. കണ്ണൻ**
**സ്പെഷ്യൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ വി.പി ഉണ്ണികൃഷ്ണൻ, സൂപ്രണ്ട്, കൊയിലാണ്ടി നഗരസഭ

(നഗരകാര്യ ഡയറക്ടർ മുഖേന)

വിജിലൻസ് വകുപ്പ്

(16.04.2019 തീയതിയിലെ VIG D1/ 241/ 2019-VIG -നമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ